# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2739 | 19.06.2014 ൽ മറുപടിയ്ക്ക്

### സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജിലെ സീറ്റുകൾ

ചോദ്യം | ഉത്തരം

**ശ്രീമതി.കെ.എസ്.സലീഖ**

**ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

എ) സർക്കാർ/എയ്ഡഡ്/ സഹകരണ/ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ആകെ എത്ര സീറ്റുകളാണ് നിലവിലുള്ളതെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ;

എ) സീറ്റുകളുടെ എണ്ണം തരംതിരിച്ച് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | സർക്കാർ മേഖലയിലെ സീറ്റുകളുടെ എണ്ണം | 2993 |
| 2 | എയ്ഡഡ് മേഖലയിലെ സീറ്റുകളുടെ എണ്ണം | 1640 |
| 3 | സഹകരണ മേഖലയിലെ സീറ്റുകളുടെ എണ്ണം | 2295 |
| 4 | അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിലെ സീറ്റുകളുടെ എണ്ണം | 116 |
| 5 | സർക്കാർ നിയന്ത്രിത സ്വാശ്രയ മേഖലയിലെ സീറ്റുകളുടെ എണ്ണം | 6765 |
| 6 | സ്വകാര്യ സ്വാശ്രയ മേഖലയിലെ സീറ്റുകളുടെ എണ്ണം | 41280 |
| | ആകെ | 55089 |

ബി) 2013-14 അദ്ധ്യയന വർഷം പ്രസ്തുത എഞ്ചിനീയറിംഗ് കോളേജുകളിൽ എത്ര സീറ്റുകളാണ് ഒഴിഞ്ഞുകിടക്കുന്നവെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ;

ബി) ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ എണ്ണം

| | | |
|---|---|---|
| 1 | സർക്കാർ മേഖല | 05 |
| 2 | എയ്ഡഡ് മേഖല | 0 |
| 3 | സഹകരണ മേഖല | 266 |
| 4 | അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകൾ | 0 |
| 5 | സർക്കാർ നിയന്ത്രിത സ്വാശ്രയ മേഖല | 602 |
| 6 | സ്വകാര്യ സ്വാശ്രയ മേഖല | 7608 |
| ആകെ | | 8481 |

| | |
|---|---|
| സി) 2014-15 അദ്ധ്യയനവർഷം എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ പുതുതായി അനുവദിക്കാൻ സർക്കാർ അനുമതി നൽകി; | സി) 2014-15 അദ്ധ്യയനവർഷം 3 (മൂന്ന്) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുവാൻ അനുമതി നൽകികഴിഞ്ഞു. |
| ഡി) സംസ്ഥാനത്തെ ഒട്ടുമിക്ക സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാര തകർച്ചയെ സംബന്ധിച്ചും, കുറഞ്ഞ വിജയശതമാനത്തെ സംബന്ധിച്ചും ബഹു. ഹൈക്കോടതി രൂക്ഷമായി വിമർശിച്ച പശ്ചാത്തലത്തിൽ ഇവയുടെ നിലവാരം ഉയർത്തുന്നതിനും വിജയശതമാനം വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | ഡി) സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരത്തെകുറിച്ച് പഠിക്കാൻ സർക്കാർ ഉന്നത വിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറിയെ ചെയർമാനാക്കി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ചെയർമാൻ സ്വാശ്രയ എഞ്ചിനീയറിംഗ് മാനേജ്മെന്റ് പ്രതിനിധികളുമായി ചർച്ചചെയ്യുകയും കോളേജുകളിലെ അക്കാദമിക് ഗുണനിലവാരം ഉയർത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അന്വേഷണം നടത്തി റിപ്പോർട്ട് ആവശ്യപ്പെടുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| ഇ) ബി.ടെക്കിന് ഇരുപത് ശതമാനത്തിൽ താഴെ മാത്രം വിജയശതമാനമുള്ള എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളാണ് നിലവിൽ പ്രവർത്തിക്കുന്നത്; അവ ഏതെല്ലാം; വ്യക്തമാക്കുമോ? | കാലിക്കറ്റ്, കൊച്ചിൻ, കണ്ണൂർ, മഹാത്മഗാന്ധി എന്നീ സർവകലാശാലയുടെ കീഴിൽ 20% ത്തിനു താഴെ വിജയശതമാനമുള്ള കോളേജുകൾ പ്രവർത്തിക്കുന്നില്ല.<br>കേരള സർവകലാശാലയുടെ കീഴിൽ 20%-ൽ താഴെ വിജയശതമാനമുള്ള ബി.ടെക് കോളേജുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. അർച്ചന കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പാലമേൽ, നൂറനാട് പി.ഒ, ആലപ്പുഴ<br>2. ഹിന്ദുസ്ഥാൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, അരിപ്പ, കുളത്തൂപ്പുഴ, കൊല്ലം.<br>3. ജോൺ കോക്സ് മെമ്മോറിയൽ സി.എസ്.ഐ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കണ്ണമൂല, തിരുവനന്തപുരം<br>4 മൗണ്ട് സിയോൺ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി ഫോർ വുമൺ കൊഴുവല്ലൂർ, ചെമ്പാന്തൂർ, ആലപ്പുഴ. |

സെക്ഷൻ ഓഫീസർ